## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4528 25.06.2019 ൽ മറുപടി നൽകേണ്ടത്.

### സ്പെഷ്യൽസ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന സ്പെഷ്യൽസ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.17-ന് കൂടിയ യോഗ തീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.08.2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർനടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ |
| (ബി) | ഇത്തരം സ്കൂളുകൾക്ക് നിലവിൽ സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത സ്കൂളുകൾക്കായി പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | വർഷവും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഓരോ സ്കൂളുകളിലേയും കുട്ടികളുടേയും അദ്ധ്യാപകരുടേയും എണ്ണത്തിന് ആനുപാതികയായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ